# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

VLE4/11439/22(A&VD5)

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
കാര്യാലയം ,ട്രാൻസ്പോർട്ട് ഭവൻ , ഫോർട്ട്
തിരുവനന്തപുരം. തീയതി:29.07.2024

## കാരണം കാണിക്കൽ നോട്ടീസ്

പാല യൂണിറ്റിലെ ഡ്രൈവറായ ശ്രീ.ഷിബു അയ്യപ്പൻ എന്ന താങ്കൾ 27.01.2022 മുതൽ അനധികൃതമായി ജോലിയ്ക്കു ഹാജരാകുന്നില്ല. യഥാസമയം അവധി അപേക്ഷ സമർപ്പിക്കാതെയും, മേലധികാരികളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെയും ജോലിയ്ക്കു ഹാജരാകാതിരിക്കുന്നതു കുറ്റകരമാണ്. ആയതു ഗുരുതരമായ ചട്ടലംഘനവും,കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സമുണ്ടാക്കുകയും ചെയ്യുന്നു. മേൽ കാരണങ്ങളാൽ പാല യൂണിറ്റിലെ ഡ്രൈവർ ശ്രീ.ഷിബു അയ്യപ്പൻ എന്ന താങ്കൾക്ക്1960-ലെ കേരളാ സിവിൽ സർവ്വീസ് ( തരംതിരിവും ,നിയന്ത്രണവും ,അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 23.06.2022 തീയതിയായി കുറ്റപത്രം നൽകുകയുണ്ടായി.

കുറ്റപത്രം സർവ്വീസ് റെക്കോർഡിൽ താങ്കൾ സമർപ്പിച്ചിട്ടുള്ള മേൽവിലാസത്തിൽ അയച്ചു നൽകുകയും ആയത് "addressee left" എന്ന് തപാൽ അധികൃതരുടെ രേഖപ്പെടുത്തലോടുകൂടി മടങ്ങിവന്നിട്ടുള്ളതാണ്. തുടർന്ന് നിശ്ചിത സമയപരിധിയ്ക്ക് ശേഷം ചട്ടപ്രകാരമുള്ള വിശദാന്വേഷണത്തിനായി കോട്ടയം യൂണിറ്റ് അധികാരിയെ ചുമതലപ്പെടുത്തുകയും അന്വേഷണ ഉദ്യോഗസ്ഥൻ താങ്കൾക്ക് മതിയായ അവസരം നൽകിയിട്ടും താങ്കൾ വിചാരണയ്ക്ക് ഹാജരായില്ല. തുടർന്ന് സാക്ഷിമൊഴികളുടെയും ലഭ്യമായ രേഖകളുടെയും അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ മുൻകൂർ അനുമതിയില്ലാതെ ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന താങ്കളെ കുറ്റക്കാരനായി കണ്ടെത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

ഫയലും അനുബന്ധരേഖകളും വിശദമായി പരിശോധിച്ചു. ദീർഘകാലം അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതിന് യാതൊരുവിധ വിശദീകരണവും നാളിതുവരെ താങ്കൾ നൽകിയിട്ടില്ല. 27.01.2022 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നതിലൂടെ താങ്കളുടെ സേവനം ദീർഘകാലമായി കോർപ്പറേഷന് ലഭിക്കാതിരിക്കുകയും, താങ്കളുടെ മേൽപ്രവൃത്തി കോർപ്പറേഷനിൽ 1950-ലെ ആർ.റ്റി.സി ആക്ട് പ്രകാരം നിക്ഷിപ്തമായ സുഗമമായ സർവ്വീസ് നടത്തിപ്പ് എന്ന കർത്തവ്യ നിർവ്വഹണത്തിന് തടസ്സം സൃഷ്ടിക്കുകയും, അപരിഹാര്യമായ ധനനഷ്ടത്തിന് ഇടയാക്കുകയും ചെയ്തിട്ടുള്ളതാണ്. ഗുരുതരമായ കൃത്യവിലോപവും, അവധി ചട്ടങ്ങളുടെ ലംഘനവുമാണ് താങ്കളുടെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത്. പ്രസ്തുത കുറ്റത്തിന് കഠിനമായ ശിക്ഷയ്ക്കു താങ്കൾ അർഹനമാണ്. ആകയാൽ ശ്രീ.ഷിബു അയ്യപ്പൻ എന്ന താങ്കളെ കേരള സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും,അപ്പീലും) ചട്ടങ്ങളിലെ 11(vii) പ്രകാരം കോർപ്പറേഷന്റെ സേവനങ്ങളിൽ നിന്നും നീക്കം ചെയ്യാതിരിക്കാൻ മതിയായ കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ എതിർവാദങ്ങളടങ്ങിയ വിശദീകരണം ഈ നോട്ടീസ് കിട്ടുന്ന തീയതി മുതൽ 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്നു നിർദ്ദേശിക്കുന്നു. മേൽപറഞ്ഞ നിശ്ചിത ദിവസത്തിനകം മറുപടി ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് എതിർവാദങ്ങളോ, വിശദീകരണമോ നൽകുവാനില്ലായെന്ന് അനുമാനിക്കുന്നതും അനന്തര നടപടി കൈക്കൊള്ളുന്നതുമാണ്.

എ.ഷാജി
(ഗവ. അഡീഷണൽ സെക്രട്ടറി )
എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)

സ്വീകർത്താവ്

ശ്രീ.ഷിബു അയ്യപ്പൻ, ഡ്രൈവർ, പാല
(യൂണിറ്റ് അധികാരി പാല മുഖാന്തിരം)

പകർപ്പ്:- യൂണിറ്റ് അധികാരി പാല - ടി നോട്ടീസ് ടിയാന് കൈമാറി കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതിയോടുകൂടിയ ഒപ്പുവാങ്ങി തിരികെ അയച്ചു തരേണ്ടതാണ്.
സ്റ്റോക്ക് ഫയൽ / ഫയൽ